**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 181** **30-07-2021 - ൽ മറുപടിയ്ക്ക്**

**മരം മുറിച്ച സംഭവത്തിൽ കർഷകർക്കെതിരെ കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. റോജി എം. ജോൺ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പട്ടയ ഭൂമിയിലെ മരങ്ങൾ മുറിച്ചുകടത്തിയ സംഭവത്തിൽ ഭൂമിയുടെ ഉടമസ്ഥരായ നിർധന കർഷകർക്കെതിരെ കേസ് എടുക്കാൻ വനം വകുപ്പ് നിർദ്ദേശം നൽകിയിരുന്നോ; | (എ) | പട്ടയഭൂമിയിലെ അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് നിർധന കർഷകർക്ക് എതിരെ കേസെടുക്കണമെന്ന് നിർദ്ദേശിച്ചിട്ടില്ല. എന്നാൽ, അനധികൃത മരംമുറിയുമായി ബന്ധപ്പെട്ടവർക്കെതിരെ നിയമ പരമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | അനധികൃത മരം മുറിയിൽ കർഷകർക്കെതിരെ കേസെടുക്കാതിരുന്ന വനംവകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ റേഞ്ച് ഫീസർമാർ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നോ; പ്രസ്തുത വിഷയത്തിൽ കേസെടുക്കണമെന്ന് മൂന്നാർ ഡി.എഫ്.ഒ. ഉത്തരവ് ഇറക്കിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ സംഭവങ്ങൾ റിപ്പോർട്ട് ചെയ്ത മൂന്നാർ ഡിവിഷനിൽ ഇതുവരെ കേസെടുത്തിട്ടില്ലാത്ത സംഭവങ്ങളിൽ നടപടികൾ ത്വരിതപ്പെടുത്തണമെന്ന് മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്ത ഉദ്യോഗസ്ഥരോട് റേഞ്ച് ഫോറസ്റ്റ് ഓഫീസർ വിശദീകരണം തേടിയിരുന്നു. |
| (സി) | പ്രസ്തുത വിഷയത്തിൽ കർഷകരുടെ മേൽ കുറ്റം ചുമത്തി അനധികൃതമായി മരം മുറിച്ച കടത്തിയവരെ സംരക്ഷിക്കാനുള്ള നടപടിയാണിതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | വനം വകുപ്പിന്റെ ഈ തീരുമാനത്തിനെതിരെ കർഷക സംഘടനകളും ഹൈറേഞ്ച് കർഷക സംരക്ഷണ സമിതിയും പ്രക്ഷോഭം ആരംഭിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | പ്രാദേശിക തലത്തിൽ വാർത്തകൾ വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ